**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1324** **15-10-2026-ൽ മറുപടിയ്ക്ക്**

**കൊടുവള്ളി വ്യവസ്ഥാ ലംഘനം കണ്ടെത്തിയ പതിച്ചുനൽകിയ ഭൂമി തിരിച്ചെടുക്കൽ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. ഫിറോസ് ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** കോഴിക്കോട് താലൂക്കിലെ കൊടുവള്ളി വില്ലേജിൽ സർവേ നമ്പർ 65/7-ൽപ്പെട്ട 35 സെന്റ് ഭൂമി മോഡേൺ വുഡ് ഇൻഡസ്ട്രീസിന് വ്യാവസായിക ആവശ്യത്തിനായി പതിച്ചുനൽകിയതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ലംഘിച്ചതിനെ തുടർന്ന് പ്രസ്തുത ഭൂമി തിരിച്ചെടുക്കുന്നതിന്, 07.07.2016-ലെ സ.ഉ.(എം.എസ്.) നം.401/2016/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

**മറുപടി:** കൊടുവള്ളി വില്ലേജിലെ കൊടുവള്ളി ദേശത്ത് റീ.സ. 65/7-ൽ പ്പെട്ടതും മോഡേൺ വുഡ് ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന് വ്യാവസായിക ആവശ്യത്തിന് പതിച്ചു നൽകിയതുമായിരുന്ന 35 സെന്റ് സ്ഥലം തിരിച്ചെടുക്കുന്നതിന് സ.ഉ. (എം.എസ്) നം. 401/2016/ റവന്യൂ തീയതി 07.07.2016 പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത സ്ഥലം നിയമാനുസൃതം തിരിച്ചെടുത്ത് വിവരം റിപ്പോർട്ട് ചെയ്യുന്നതിനായി തഹസിൽദാർ, താമരശ്ശേരിക്ക് നിർദ്ദേശം നൽകിയിരുന്നു.

പ്രസ്തുത ഉത്തരവിനെതിരെ ബഹു. സബ് കോടതി III, കോഴിക്കോട് മുമ്പാകെ ശ്രീ. എം. മാധവൻ നമ്പൂതിരി മുതൽ പേർ ഒ.എസ്- 124/16 കേസ് ഫയൽ ചെയ്തിട്ടുണ്ട്. മേൽ O.S. 124/2016- നെതിരെ ഫയൽ ചെയ്ത IA. No. 1169/2017 ബഹുമാനപ്പെട്ട കോടതി അനുവദിച്ചതായും, അതിനെതിരെ ശ്രീ. മാധവൻ നമ്പൂതിരി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ OP(C) 1139/2018 നമ്പർ കേസ് ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ് നിലവിൽ കോടതിയുടെ പരിഗണനയിലാണ്.

**(ബി)** പ്രസ്തുത ഭൂമിയുടെ നികുതി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് 11.01.2023-ന് കോഴിക്കോട് ഡെപ്യൂട്ടി കളക്ടർ (എൽ.ആർ.) മുമ്പാകെ നടന്ന ഹിയറിംഗിൽ എന്ത് തീരുമാനമാണ് കൈക്കൊണ്ടതെന്ന് വ്യക്തമാക്കുമോ; തിരിച്ചെടുക്കാൻ ഉത്തരവിട്ട പ്രസ്തുത ഭൂമിയുടെ നികുതി നിലവിലെ വ്യവസ്ഥകൾ പ്രകാരം സ്വീകരിക്കാൻ സാധിക്കുമോ; നിലവിൽ പ്രസ്തുത ഭൂമിയുടെ നികുതി ആരിൽനിന്നാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

**മറുപടി:** പ്രസ്തുത വിഷയം കോടതിയുടെ പരിഗണനയിലുള്ളതിനാൽ നികുതി സ്വീകരിക്കുന്ന വിഷയത്തിൽ തീരുമാനം കൈകൊള്ളുന്നതിന് സാധിക്കുകയില്ല. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമേ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. നിലവിൽ ആരിൽനിന്നും നികുതി സ്വീകരിക്കുന്നില്ല.

**(സി)** സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത ഭൂമി തിരിച്ചെടുക്കുന്നതിന് നിലവിൽ നിയമപരമോ ഭരണപരമോ ആയ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഇല്ലെങ്കിൽ ഭൂമി സർക്കാർ ഉടമസ്ഥതയിലേക്ക് തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

**മറുപടി:** OP(C) 1139/2018 നമ്പർ കേസ് കോടതിയുടെ പരിഗണനയിൽ ആയതിനാൽ, കോടതി വിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

**സെക്ഷൻ ഓഫീസർ**